## വിഭജനം എന്റെ നിലപാട്

1939-ന് ശേഷം മുസ്‌ലിംലീഗ് പ്രസ്ഥാനം ശക്തിപ്പെടുകയും പാക്കിസ്ഥാൻ പ്രസ്ഥാനം തല പൊക്കുകയും ചെയ്തു. അവസാനം 1940-ൽ അത് പാക്കിസ്ഥാൻ പ്രമേയത്തിനു രൂപം നൽകി. അന്ന് എന്നെ സംബന്ധിച്ചടത്തോളം സുപ്രധാനം മുസ്‌ലിംകളെ ഇക്കാര്യം ബോധ്യപ്പെടുത്തുകയായിരുന്നു. “നിങ്ങൾ കേവലം ഒരു സമുദായമല്ല. അതിനാൽ നിങ്ങളുടെ ലക്ഷ്യവും കേവലം സാമുദായികാടിസ്ഥാനത്തിലുള്ള ഒരു ഭരണകൂടം സ്ഥാപിക്കലല്ല. നിങ്ങൾ ഒര പ്രബോധക സംഘമാണ്; ഒരു മിഷനറി സംഘം. നിങ്ങൾ നിങ്ങളുടെ ദൗത്യം മറക്കാതിരിക്കുക. ലോകത്ത് ഇസ്‌ലാമിന്റെ ദൗത്യം നിർവ്വഹിക്കുന്ന ഒരു ഭരണകൂടമാണ് നിങ്ങൾ സ്ഥാപിക്കേണ്ടത്. മുസ്‌ലിംകൾ ദൈവാനുഗ്രഹത്താൽ ഹിന്ദുസമുദായത്തിൽ ലയിച്ചു ചേരുന്നതിൽ നിന്ന് രക്ഷപ്പെട്ടിട്ടുണ്ടെന്ന് അന്ന് ഞാൻ കണ്ടു. -അതോടെ ഇസ്‌ലാമിക ഗവൺമെന്റ് എന്നാൽ എന്താണ് എന്ന് മുസ്‌ലിംകളെ ബോധ്യപ്പെടുത്തുക എന്നതായിരുന്നു എന്റെ ദഷ്ടിയിൽ മുഖ്യ പ്രശ്നം. അതിന്റെ സംസ്ഥാപനത്തിന് എത്തരം ക്യാരക്റ്റാണാവശ്യം? ഏത് തരം പ്രസ്ഥാനത്തിലൂടെയാണത് സ്ഥാപിക്കാൻ കഴിയുക? ഒരു ഇസ്‌ലാമിക ഭരണകൂടവും സാമുദായിക വർണ്ണത്തിലുള്ള മുസ്‌ലിം സ്റ്റേറ്റും തമ്മിൽ തത്വത്തിലും പ്രയോഗത്തിലുമുള്ള അന്തരം എന്താണ്? ഈ ഉദ്ദേശാർഥം ‘മുസൽമാൻ ഔർ മജൂദ സിയാസി കശ്മക്ശ’ മൂന്നാം ഭാഗം എന്ന പേരിൽ പിന്നീട് പുസ്തക രൂപത്തിൽ പുറത്തിറങ്ങിയ ലേഖനപരമ്പര ഞാൻ എഴുതിത്തുടങ്ങി. ആ ലേഖനങ്ങളിൽ മിക്കതും 1939-1940 കാലത്താണ് എഴുതിയത്. കുറച്ചു ഭാഗം 1914-ലും.

ഇന്ന് ഇതേക്കുറിച്ച് ആർക്കും എന്തു വേണമെങ്കിലും പറയാം. എനിക്കത് പ്രശ്നമല്ല. കേവലം ഒരു സാമുദായികാടിസ്ഥാനത്തിലുള്ള ഒരു ഭരണകൂടം സ്ഥാപിക്കുകയല്ല മതങ്ങളുടെ ലക്ഷ്യമെന്ന് മുസ്‌ലിംകളെ ബോധ്യപ്പെടുത്തുകയായിരുന്നു അന്ന് എന്റെ കടമയെന്ന് ഞാൻ ഇപ്പോഴും ഉറച്ചു വിശ്വസിക്കുന്നു. രാജ്യം തീർച്ചയായും വിഭജിക്കപ്പെടുകയും പാകിസ്ഥാൻ നിലവിൽ വുരുമെന്ന് ആർക്കും അന്ന് ഖണ്ഡിതമായി പറയാൻ കഴിയില്ല എന്നതും ഒരു വസ്തുതയാണ്. എത്രത്തോളമെന്നാൽ 1947 വരെയും ഇതായിരുന്നു സ്ഥിതി. അന്നത്തെ പരിസ്ഥിതികളുടെ ഗതി നിരീക്ഷിച്ചപ്പോൾ എത്താൻ കഴിഞ്ഞ നിഗമനങ്ങളിലൊന്ന് പാക്കിസ്ഥാന് വേണ്ടിയുള്ള പരിശ്രമത്തിൽ മുസ്‌ലിംലീഗ് പരാജയപ്പെടുകയും ഇന്ത്യയിൽ ഏക ഇന്ത്യൻ ദേശീയതയുടെ അടിസ്ഥാനത്തിൽ ഒരു ജനാധിപത്യ ഭരണകൂടമുണ്ടാക്കി അത് ഹിന്ദുക്കളെ ഏൽപിച്ചു ഇംഗ്ലീഷുകാർ നാടുവിടുകയും ചെയ്തു എന്നതായിരുന്നു. ഈ പരിതസ്ഥിതിയിൽ എന്തു ചെയ്യണം? മുസ്‌ലിംലീഗ് അതിന്റെ ലക്ഷ്യത്തിൽ വിജയിക്കുകയും രാജ്യം വിഭജിക്കപ്പെടുകയും ചെയ്യും എന്നതായിരുന്നു രണ്ടാമത്തെ രൂപം. അപ്പോൾ ഇന്ത്യയിൽ അവശേഷിക്കുന്ന കോടികണക്കിൽ മുസ്‌ലിംകളുടെ അവസ്ഥ എന്താവും? പാക്കിസ്ഥാനിൽ തന്നെയും ഇസ്‌ലാമിന്റെ ഗതിയെന്താവും? പാക്കിസ്ഥാൻ പ്രസ്ഥാനത്തിൽ അണിനിരന്ന ഘടകങ്ങളെ കണ്ടപ്പോൾ ഇവർ സംഘടിച്ചു ഒരു രാജ്യവും സാമുദായിക ഭരണകൂടവും സ്ഥാപിക്കാനാവുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നെങ്കിലും ഒരു ഇസ്‌ലാമിക ഭരണകൂടമുണ്ടാക്കാൻ അവർക്ക് കഴിയുമെന്ന് എനിക്ക് ഒട്ടും പ്രതീക്ഷയുണ്ടായിരുന്നില്ല.

“ചുരുക്കത്തിൽ മൂന്നു പ്രശ്നങ്ങളെയായിരുന്നു ഞാൻ അഭിമുഖീകരിച്ചിരുന്നത്. രാജ്യം വിഭജിക്കപ്പെടുകയില്ലെങ്കിൽ മുസ്‌ലിംകളുടെ രക്ഷക്ക് എന്തു ചെയ്യണം? വിഭജിക്കപ്പെടുകയാണെങ്കിൽ ഇന്ത്യയിൽ അവശേഷിക്കുന്ന മുസ്‌ലിംകൾക്ക്‌വേണ്ടി എന്തു ചെയ്യണം? മുസ്‌ലിംകളുടെ അധീനത്തിൽ വരുന്ന രാജ്യത്തെ മുസ്‌ലിംകളുടെ അനിസ്‌ലാമിക ഭരണകൂടം ഉണ്ടാക്കുന്നതിൽനിന്ന് എങ്ങനെ രക്ഷപ്പെടുത്തണം?

1947-ലെ പ്രക്ഷുബ്ധാവസ്ഥയിൽ ഞാൻ അവസാമായി ഒരിക്കൽകൂടി രാജ്യത്ത് സഞ്ചരിച്ച് വിവിധ സ്ഥലങ്ങളിൽ പ്രസംഗം നടത്തി. 47-ലെ മദ്രാസ് പ്രസംഗം അക്കൂട്ടത്തിൽപെടുന്നു. ആ പ്രസംഗത്തിൽ മുസ്‌ലിംകൾ ഇന്ത്യയിൽ അഭിമുഖീകരിക്കാൻ പോകുന്ന അവസ്ഥകളും പ്രസ്തുത അവസ്ഥകളിൽ അവർ സ്വീകരിക്കേണ്ട പ്രവർത്തനമാർഗങ്ങളും ഞാൻ വിവരിക്കുകയുണ്ടായി. ഒരു കാൽ ഇംഗ്ലീഷുകാർക്കെതിരിലുള്ള സ്വാതന്ത്ര്യസമരത്തിൽ രണ്ടാമത്തെ കാൽ മുസ്‌ലിം വിരോധത്തിലും. വിഭജനത്തോടെ ഒരു കാൽ മുറിഞ്ഞു പോകും. കാരണം ഇംഗ്ലീഷുകാർക്കെതിരിലുള്ള സ്വാതന്ത്ര്യസമരം അപ്പോൾ ലക്ഷ്യം പൂർത്തീകരിച്ച് കഴിയും. പിന്നീട് മുസ്‌ലിം വിരോധമാകുന്ന ഒറ്റക്കാലിലായിരിക്കും അത് നിൽക്കുക. ആ കാൽ നിലനിർത്താൻ അത് അനവരതം ശ്രമിക്കും. എന്നാൽ, അതിനു ശേഷം ഹിന്ദുസമുദായത്തിലെ ആഭ്യന്തര വൈരുധ്യങ്ങൾ അവസാനം തലപൊക്കുക തന്നെ ചെയ്യുമെന്ന് നിങ്ങൾക്ക് ഉറപ്പിക്കാം. വൈരുധ്യങ്ങളാൽ പ്രസ്തത ദേശീയത സ്വയം അതിന്റെ ദാരുണ പരിണിതി പ്രാപിക്കും. അത്‌വരെ നിങ്ങൾക്ക് എന്തായാലും ക്ഷമിക്കേണ്ടതായി വരും. ഇതോടൊപ്പം ഈ ഘട്ടത്തിൽ മുസ്‌ലിംകൾ ചെയ്യേണ്ട കാര്യങ്ങളും ഞാൻ വിശദീകരിക്കുകയുണ്ടായി. എല്ലാ ഇന്ത്യൻ ഭാഷകളിലും ഇസ്‌ലാമിക സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കുക എന്നതായിരുന്നു അതിലെ സുപ്രധാനമായ ഒരു നിർദേശം. കാരണം, ഉർദു ഭാഷയെ നിലനിൽക്കാൻ ഇവർ അനുവദിക്കുകയില്ല. ഇതര ഭാഷകളിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയാണെങ്കിൽ നിങ്ങളുടെ ഭാവിതലമുറക്ക് ഇസ്‌ലാമുമായി ബന്ധം നിലനിർത്താൻ കഴിയും. ഹിന്ദുക്കൾക്കിടയിൽ ഇസ്‌ലാമിക പ്രചാരണം സാധിക്കുകയും ചെയ്യും.”

(“ജമാഅത്തെ ഇസ്‌ലാമി കെ 29 സാൽ” രണ്ടാം പതിപ്പ് പേജ് 25-28, 48-50. ’70 ആഗസ്ത് 26-നു ജമാഅത്ത് സ്ഥാപകദിനാഘോഷത്തോടനുബന്ധിച്ച് ചെയ്ത പ്രസംഗത്തിൽ നിന്ന്)